പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3555 — 24.06.2013 ൽ മറുപടിയ്ക്ക്

യൂത്ത് കമ്മീഷൻ നിയമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. ഹൈബി ഈഡൻ | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജനങ്ങളുടെ ക്ഷേമത്തിനായി യൂത്ത് കമ്മീഷൻ നിയമം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രതിപാദിക്കുന്ന 2013 ലെ കേരള സംസ്ഥാന യുവജനകമ്മീഷൻ ഓർഡിനൻസിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) ഏതെല്ലാം ഏജൻസികളും വകുപ്പുകളുമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) & (ഡി) യുവജനകാര്യ വകുപ്പിന്റെ കീഴിലാണ് കമ്മീഷൻ പ്രവർത്തിക്കുക. ഇക്കാര്യത്തിൽ ആദ്യനടപടിയെന്ന നിലയിൽ സ്പെഷ്യൽ ഓഫീസറെ സർക്കാർ നിയമിച്ചു. കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി സ്ഥലസൌകര്യം കണ്ടെത്തുന്നതിനും വാഹനം തുടങ്ങിയ സൌകര്യങ്ങൾ ഒരുക്കുവാനും ഇതിനോടകം കഴിഞ്ഞിട്ടുണ്ട്. പ്രവർത്തനങ്ങൾക്കാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുന്നതിനും നടപടി സ്വീകരിച്ചുകഴിഞ്ഞു. ഈ വർഷത്തെ ബഡ്ജറ്റിൽ 45 ലക്ഷം രൂപയാണ് ഇക്കാര്യത്തിനായി വകയിരുത്തിയിരിക്കുന്നത്. കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് സ്റ്റാഫിനെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**